**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ഇടുക്കി അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ "നബാർഡ് ആർ.ഐ.ഡി.എഫ്. X- ൽ ഉൾപ്പെട്ട മാങ്ങാപ്പാറ ശങ്കരൻകുട്ടിപ്പടി റോഡ്" നിർമ്മാണത്തിന്റെ അപാകത - അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കാൻ വേണ്ടി ശ്രീ.എൻ.ഹരി , ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ, കിളിമാനൂർ, സർക്കാരിൽ സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2330/2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 01/08/2016

---

പരാമർശം :
1. ഗ്രാമവികസന കമ്മീഷണറുടെ 18/08/2014 തീയതിയിലെ ഉത്തരവ് നമ്പർ 3699/എസ്റ്റാ.എ 2/09/ സിആർഡി
2. ശ്രീ.എൻ.ഹരി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ 12/09/2014 തീയതിയിൽ സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷ.
3. ഗ്രാമവികസന കമ്മീഷണറുടെ 28/01/2015, 20/01/2016, തീയതികളിലെ 399/എസ്റ്റാ.എ 2/09/ സിആർഡി നമ്പർ കത്തുകൾ.
4. ശ്രീ.എൻ ഹരിയുടെ 22/12/2015-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

ഇടുക്കി അടിമാലി ബ്ലോക്ക് പഞ്ചായത്തിൽ "നബാർഡ് ആർ.ഐ.ഡി.എഫ്. X- ൽ ഉൾപ്പെട്ട മാങ്ങാപ്പാറ ശങ്കരൻകുട്ടിപ്പടി റോഡ്" നിർമ്മാണത്തിന് അംഗീകൃത എസ്റ്റിമേറ്റ് തുകയായ 31.6 ലക്ഷം (മുപ്പത്തിഒന്നു ലക്ഷത്തി അറുപതിനായിരം) രൂപയിൽ അധികരിച്ച് 40 ലക്ഷം (നാല്പതു ലക്ഷം) രൂപ ചെലവഴിച്ചതായും കരാർ തുകയിൽ അധികരിച്ച് അനധികൃതമായി പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 8.4 ലക്ഷം (എട്ടുലക്ഷത്തി നാല്പതിനായിരം) രൂപയുടെ നഷ്ടം സർക്കാരിനു സംഭവിച്ചതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ടി 8.4 ലക്ഷം (എട്ടുലക്ഷത്തി നാല്പതിനായിരം) രൂപ, അടിമാലി ബ്ലോക്കിലെ മുൻ ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ ശ്രീ.എൻ. ഹരിയുടെ ബാദ്ധ്യതയായി നിശ്ചയിച്ചുകൊണ്ടും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടും ഗ്രാമവികസന കമ്മീഷണർ പരാമർശം ഒന്നു പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു.

ഗ്രാമവികസന കമ്മീഷണറുടെ 18.8.2014 ലെ 3699/എസ്റ്റാ.എ 2/09/ സിആർഡി നമ്പർ ഉത്തരവിനെതിരെ കിളിമാനൂർ ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ, ശ്രീ.എൻ.ഹരി പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

ടിയാനെതിരെയുള്ള ശിക്ഷണ നടപടികൾ റദ്ദാക്കണമെന്ന് അപേക്ഷിക്കുകയും ഇക്കാര്യത്തിൽ തീർപ്പ കല്പിക്കുന്നതിന് മുമ്പ് നേരിൽ കേൾക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. അപേക്ഷ പ്രകാരം ടിയാനെ 11.03.2015 ൽ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

ശ്രീ.എൻ. ഹരിയുടെ വാദമുഖങ്ങൾ വിശദമായി പരിശോധിച്ചു. 17.06.2015 ലെ ERB3/ 2/14/LSGD നമ്പർ കത്ത് മുഖേന ശ്രീ.എൻ.ഹരി, ബി.ഡി.ഒ.ആയിരുന്ന കാലയളവിൽ ആണോ പ്രസ്തുത പ്രവൃത്തി നടന്നതെന്നും, അല്ലെങ്കിൽ സർക്കാരിനുണ്ടായ നഷ്ടം സംബന്ധിച്ച് ടിയാൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിന്റെ കാരണവും സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ടും, ശ്രീ.എൻ.ഹരിയുടെ അപേക്ഷയിന്മേലുള്ള റിപ്പോർട്ടും, ഗ്രാമവികസന കമ്മീഷണറോട് ആവശ്യപ്പെടുകയും, 20.01.2016 ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യത്തിൽ അന്തിമ ബില്ല് പാസ്സാക്കുന്നതിനു മുമ്പായി സർക്കാരിനോടോ, ഗ്രാമവികസന കമ്മീഷണറോടോ ആലോചിക്കുകയോ, ടി വിവരം ശ്രദ്ധയിൽ പ്പെടുത്തുകയോ ചെയ്യാതിരുന്നത് ടിയാളുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരയായ വീഴ്ചയാണ്. 12/03/2008 ലെ, സർക്കാർ കത്ത് നം.42861/DD1/2007/LSGD-നു ശേഷം, 03/11/2008- ൽ കത്ത് നം. 1809/ആർ & ഐ 2/07/ സി.ആർ.ഡി പ്രകാരം ഗ്രാമവികസന കമ്മീഷണർ ടിയാനിൽ നിന്ന് വിശദീകരണം ചോദിച്ചിരുന്നു. ഈ കത്ത് ലഭിച്ച ശേഷവും ശ്രീ. എൻ ഹരി പേയ്മെന്റ് നടത്തുകയുണ്ടായി. വിധിന്യായം മറികടക്കുവാനുള്ള അപ്പീൽ നല്കുന്നതിന് ആവശ്യമായ സമയമുണ്ടായിട്ടും നടപടികൾ സ്വീകരിക്കാതിരുന്നതും ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 8.4 ലക്ഷം രൂപ ബാദ്ധ്യതയായി നിശ്ചയിച്ചുകൊണ്ടും വാർഷിക ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടും 18/08/2014-ൽ ഗ്രാമവികസന കമ്മീഷണർ ശ്രീ. എൻ ഹരിക്കെതിരെ സ്വീകരിച്ച ശിക്ഷണ നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കുവാൻ തക്കതായി ഒന്നുംതന്നെ തെളിയിക്കാൻപ്പറ്റാത്ത സാഹചര്യത്തിൽ ശ്രീ.എൻ.ഹരിയുടെ മേൽ ചുമത്തിയിട്ടുള്ള ശിക്ഷണ നടപടികൾ നിലനിർത്തികൊണ്ടും സൂചന (1) -ലെ അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി. പി. വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

ശ്രീ.എൻ.ഹരി, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമ വികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള. തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഐ.& പി.ആർ (വെബ് & ന്യൂ മീഡിയ വകുപ്പ്)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Shejith

സെക്ഷൻ ഓഫീസർ